# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

**ഹാജർ : രാജൻ.എം.വി**

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം –ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ രണ്ടാം തരം ഓവർസീയറായ ശ്രീ ഷാജിമോൻ എസ് (പെൻ നം 428575) സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുന്നത് - സംബന്ധിച്ച്.

പരാമർശം:- 07.03.2020 ലെ തിരുവനന്തപുരം വിജിലൻസ് ആന്റ് ആന്റി കറപ്ക്ഷൻ ബ്യൂറോ ഡയറക്ടറുടെ പത്ര കുറിപ്പ്.

**ഉത്തരവ് നം. ഇ12/4355/2020/സിഇ/തസ്വഭവ, തീയതി. 07.03.2020**

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ രണ്ടാം തരം ഓവർസീയറായ ശ്രീ ഷാജിമോൻ എസ് (പെൻ നം 428575) നെ വിജിലൻസ് ആന്റ് ആന്റി കറപ്ക്ഷൻ ബ്യൂറോ ആലപ്പുഴ യൂണിറ്റ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്ന കേസ്സിലേയ്ക്ക് 07.03.2020 -ാം തീയതി വൈകുന്നേരം 5.00 മണിക്ക് അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ രണ്ടാം തരം ഓവർസീയറായ ശ്രീ ഷാജിമോൻ എസ് നെ 1960 ലെ കേരള സിവിൽ സർവ്വീസ് (സി.,സി & എ) ചട്ടങ്ങളിലെ ചട്ടം 10(1) ബി പ്രകാരം സേവനത്തിൽ നിന്നും അന്വേഷണ വിധേയമായി 07.03.2020 AN മുതൽ സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തിക്കോണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വേലവിലക്ക് ഏർപ്പെടുത്തിയ കാലയളവിൽ ടിയാന് ചട്ടപ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കും.

ശ്രീ.ഷാജിമോൻ എസ് (പെൻ നം 428575)
രണ്ടാം തരം ഓവർസീയർ
തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

(ഒപ്പ്)
**ചീഫ് എഞ്ചിനീയർ**

ഉത്തരവിൻ പ്രകാരം

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

പകർപ്പ്.

1) ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ കാര്യാലയം.
2) ബഹു.പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
3) എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ഡിവിഷൻ ഓഫീസ്, ആലപ്പുഴ. (ഉചിതമായ ചാർജ് ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.)
4) അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ.
5) ഇ5 സെക്ഷൻ
6) കരുതൽ ഫയൽ